പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7579 — 17.7.2012 ൽ മറുപടിയ്ക്ക്

**എ.ഡി.ഐ.പി പ്രകാരം വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ**

ചോദ്യം — മറുപടി

ശ്രീ.വി.പി.സജീന്ദ്രൻ — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എ.ഡി.ഐ.പി പദ്ധതി പ്രകാരം വികലാംഗർക്ക് എന്തൊക്കെ സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്യാറുള്ളത്; | (എ)വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി എ.ഡി.ഐ.പി പദ്ധതി പ്രകാരം വികലാംഗരായവർക്ക് താഴെ പറയുന്ന സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്യാറുള്ളത്.<br>1. വീൽചെയർ<br>2. മൂന്ന വീൽ സൈക്കിൾ<br>3. കൊളോസ്റ്റമീ ബാഗ്<br>4. വാക്കർ<br>5. കൃത്രിമകൈകാലുകൾ<br>6. ശ്രവണ സഹായി<br>7. ആക്സിലറി ക്രച്ചസ്<br>8. കണ്ണട<br>9. വാക്കിംഗ് സ്റ്റിക്ക്<br>10. ചെരുപ്പുകൾ/ഷൂ<br>11. വൈറ്റ് കെയിൻ<br>12. ഡി.വി.ഡി പ്ലേയർ<br>13. എൽബോ ക്രച്ചസ്<br>14. വാട്ടർ ബെഡ് |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം 2008-09, 2009-10, 2010-11 വർഷങ്ങളിൽ എത്ര രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തു; | (ബി) 2008-2009, 2010-2011 എന്നീ സാമ്പത്തിക വർഷങ്ങളിൽ എ.ഡി.ഐ.പി പദ്ധതി പ്രകാരം സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കോർപ്പറേഷന് തുകയൊന്നും ലഭിച്ചില്ല. 2009-2010 സാമ്പത്തിക വർഷം എ.ഡി.ഐ.പി പദ്ധതി പ്രകാരം 178 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 1,47,25,417/-(ആകെ ഒരു കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി പതിനേഴ് |

| | |
|---|---|
| | രൂപ മാത്രം) രൂപയുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. ബാക്കി തുകയായ 30,74,583/- രൂപ ഉപകരണങ്ങൾ വിതരണത്തിനായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചതിനും ഏറ്റെടുത്ത ജീവനക്കാരുടെ വേതനം, റ്റി.എ/ഡി.എ ഇനത്തിലും ചെലവായിട്ടുണ്ട്. |
| (സി) ഈ ഉപകരണങ്ങൾ ഏതൊക്കെ കമ്പനികളിൽ നിന്നാണ് വാങ്ങിയത്; | (സി) അലിംകോ, പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, മുത്തു കൃഷ്ണൻ ഓർത്തോട്ടിക് അപ്ലയൻസസ്, രേഷ്മാ ഹിയറിംഗ് കെയർ സെന്റർ, ന്യൂ ഗ്ലോറി ഓർത്തോ പിഡിക്സ്, എം.ആർ.എസ്.റ്റി, പാറ്റൂർ യൂണിറ്റ്, എം.ആർ.എസ്.റ്റി, ആലപ്പുഴ യൂണിറ്റ്, ബെൻക്യൂ ഹെൽത്ത് കെയർ, സായി റീഹാബിലിറ്റേഷൻ, എസ്.ജി.ബയോമെഡിക്കൽസ്, ക്യൂ.ആർ.എസ്, കരമന എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്. |
| (ഡി)ആയത് വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ ക്വട്ടേഷനുകളുടെയും പകർപ്പ് ലഭ്യമാക്കുമോ? | (ഡി) ലഭ്യമാക്കിയ ക്വട്ടേഷനുകളുടെയും ടെണ്ടറുകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ